# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1284** **11.06.2019 ൽ മറുപടിക്ക്**

**തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങൾ**

| ചോദ്യം<br>ശ്രീ.വി. ജോയി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;<br>(ബി) റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ്,ഇടവ, കരമന, വെൺകുളം, പുന്നമൂട് ,വെട്ട്റോഡ്, കണിയാപുരം, ബാലരാമപുരം, ക്ലേഗേറ്റ്, ശാർക്കര, മഞ്ചാടി മൂടി എന്നീ ആർ.ഒ.ബികളുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ യും കടയ്ക്കാവൂർ- മുരുക്കുംപുഴ സ്റ്റേഷനുകൾക്കിടയിൽ 570- ാം നമ്പർ എൽ.സി യ്ക്ക് പകരം വരുന്ന ആർ.ഓ.ബിയുടെ നിർമ്മാണം കെ.ആർ.ഡി.സി.എൽ- നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (സി) മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ആയതിൽ ജനറൽ അറേഞ്ച്മെൻറ് ഡ്രോയിംഗ് (ജി.എ.ഡി) പൂർത്തിയാക്കി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) ചിറയിൻകീഴ്, ഇടവ, കരമന ആർ.ഒ.ബികളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ്( ജി.എ.ഡി) അംഗീകാരം ദക്ഷിണ റെയിൽവേയിൽ നിന്ന് ലഭ്യമായിട്ടുണ്ട്.കടയ്ക്കാവൂർ- മുരുക്കുംപുഴ സ്റ്റേഷനുകൾ-ക്കിടയിൽ 570- ാം നമ്പർ |

എൽ.സി യ്ക്ക് പകരം വരുന്ന ആർ.ഒ.ബിയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ്( ജി.എ.ഡി) അനുമതിക്കായി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ചിറയിൻകീഴ് ആർ.ഒ.ബി:-ചിറയിൻകീഴ് ആർ.ഒ.ബി. നിർമ്മാണത്തിനായി സ.ഉ(സാധാ) നം.1324/2016/പൊ.മ.വ തീയതി 27.09.2016 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി പൊതുമരാത്ത് വകുപ്പ് ആണ് ചെയ്യുന്നത്. ഈ പദ്ധതിക്കായി ആകെ 89 ഭൂവുടമകളുടെ സ്ഥലമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ 81 ഭൂവുടമകളുടെ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം, പൊതുമരാമത്ത് വകുപ്പ്, റോഡ്സ് വിഭാഗം, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ആധാരം നടത്തി ഏറ്റെടുത്തിട്ടുണ്ട്. ബാക്കി 8 ഭൂവുടമകളുടെ സ്ഥലം RFCTLARR Act 2013 പ്രകാരം സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുകയാണ്. അലൈൻമെന്റിലുള്ള നാല് സർക്കാർ സ്ഥാപനങ്ങളുടെ സ്ഥലവും, കെട്ടിട ശകലങ്ങളും ഈ പദ്ധതിയുടെ നിർമ്മാണത്തിനായി കൈമാറി ഉത്തരവായിട്ടുണ്ട്. 08.07.2019 ൽ പദ്ധതി ടെണ്ടർ ചെയ്തു. ടെണ്ടറിൽ രണ്ടു ബിഡ്ഡേർസ് പങ്കെടുത്തു. ടെക്നിക്കൽ ബിഡ് മൂല്യനിർണ്ണയത്തിൽ, ഒരു ബിഡ്ഡർ യോഗ്യത നേടിയില്ല. സിംഗിൾ ടെണ്ടർ ആയതിനാൽ പദ്ധതി 26.09.2019 ൽ റീടെണ്ടർ ചെയ്തു. ടെക്നിക്കൽ ബിഡ് 14.10.2019 ൽ തുറക്കുകയും, മൂല്യ നിർണ്ണയം നടന്നു കൊണ്ടിരിക്കുകയും ആണ്.

2. ഇടവ ആർ.ഒ.ബി: ഇടവ ആർ.ഒ.ബി നിർമ്മാണത്തിനായി സ.ഉ(സാധാ) നം.1324/2016/പൊ.മ.വ തീയതി 27.09.2016 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന 13.07.2017-ൽ നൽകിയിട്ടുള്ളതും, പിന്നീട് രണ്ട് ജംഗ്ഷനുകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 29.08.2018 ൽ പുതുക്കിയ അർത്ഥന തിരുവനന്തപുരം, ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഭരണാനുമതി 21.01.2019 ലെ സഉ(സാധാ)നം..225/2019/റവ പ്രകാരം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിച്ചു 26.04.2019 ൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്, ഈ റിപ്പോർട്ട് വിശകലനം ചെയ്തു 27.07.2019 ൽ വിദഗ്ദ സമിതി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ വിദഗ്ധ സമിതി റിപ്പോർട്ട് പരിശോധിച്ചു സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സമുചിത സർക്കാർ ഉത്തരവ് 07.08.2019 ൽ ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. 14.10.2019 ൽ തിരുവനന്തപുരം ജില്ലാ സ്ഥലമെടുപ്പ് ഡെപ്യൂട്ടി കളക്ടറുടെ യോഗത്തിൽ 16.11.2019 ന് അകം 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം സ്ഥലമെടുപ്പ് തഹസിൽദാർക്ക് നൽകിയിട്ടുണ്ട്.

ഈ സ്ഥലമെടുപ്പ് നടപടി ക്രമങ്ങൾക്കെതിരെ ഇടവ നിവാസികൾ ഒരു റിട്ട് ഹർജി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്

3. <u>കരമന ആർ.ഒ.ബി:-</u> കരമന റെയിൽവേ മേൽപ്പാലത്തിന് സ.ഉ(സാധാ) നം.1165/2014/പൊ.മ.വ തീയതി 18.08.2014 പ്രകാരം ആർ.ബി.ഡി.സി.കെ.യ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന 29.01.2015 ൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. പുതുക്കിയ അർത്ഥന 30.06.2017 ൽ നൽ കിയിട്ടുണ്ട് സാമൂഹ്യ പ്രത്യാഘാത പഠനം 30.11.2018 ൽ പൂർത്തീകരിച്ച 21.08.2019 ൽ 11(1) വിജ്ഞാപനം കേരള അസാധാരണ ഗസറ്റ് നമ്പർ 1908 പ്രകാരം പ്രസിദ്ധീകരിച്ചിട്ടു ണ്ട്. 14.10.2019 ൽ തിരുവനന്തപുരം ജില്ലാ സ്ഥലമെടുപ്പ് ഡെപ്യൂട്ടി കളക്ടറുടെ യോഗത്തിൽ ഈ പദ്ധതിയുടെ പുനരധിവാസ പാക്കേജ് സംബന്ധിച്ച കരട് റിപ്പോർട്ട് 21.10.2019 നകം സമർപ്പിക്കാൻവേണ്ടി സ്ഥലമെടുപ്പ് തഹസിൽദാർക്ക് നിർദ്ദേശം നൽ കിയിട്ടുണ്ട്.

4. <u>വെൺകുളം ആർ.ഒ.ബി, പുന്നമൂട് ആർ.ഒ.ബി, വെട്ട് റോഡ് ആർ.ഒ.ബി</u> :സ.ഉ(സാധാ) നം.718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി. സി.കെ.യെ എസ്.പി.വി. ആയി നിയമിച്ചിട്ടുണ്ട് ഈ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടും ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ്( ജി.എ.ഡി.യും) തയ്യാറാക്കികൊണ്ടിരിക്കുകയാ ണ്.

5. <u>കണിയാപുരം ആർ.ഒ.ബി.:</u> സ.ഉ(സാധാ) നം.718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം കിഫ്ബി യിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി. ആയി നിയമിച്ചിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച് കണിയാപുരം നിവാസികൾക്ക് പരാതികൾ ഉണ്ട്. നിലവിലുള്ള റോഡിനു സമാന്തരമായി ആർ.ഒ.ബി. നിർമ്മിക്കണം എന്നതാണ് പരാതിക്കാരുടെ ആവശ്യം. നിലവിലുള്ള റോഡും, റെയിൽവേ ലൈനും തമ്മിലുള്ള സ്ക്യൂ ആംഗിൾ 33° ആണ്. റെയിൽവേ മാനദണ്ഡപ്രകാരം, ആർ.ഒ.ബി.യും റെയിൽവേ പാളവും തമ്മിൽ അനുവദനീയമായിട്ടുള്ള പരമാവധി സ്ക്യൂ 20° ആണ്. പൊതുമരാമത്ത് വകുപ്പിന്റെ 27.08.2019 ലെ സ.ഉ.(സാധാ) നം. 1059/2019/പൊ.മ.വ പ്രകാരം സ്ക്യൂ ആംഗിൾ വർദ്ധിപ്പിക്കുന്നത് പരിശോധിക്കാനായി റെയിൽവേ അധികൃതർക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ, ആർഡി.എസ്.ഒ നിബന്ധന പ്രകാരം 20° ക്ക് മുകളിൽ സ്ക്യൂ ആംഗിൾ അനുവദനീയമല്ല എന്ന് ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധമായി

റെയിൽവേയുമായി കൂടുതൽ കൂടിയാലോചനകൾ നടന്നുവരുന്നു.

6. ബാലരാമപുരം ആർ.ഒ.ബി.:സ.ഉ(സാധാ) നം.718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി. ആയി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി.യുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ്( ജി.എ.ഡി) സതേൺ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ബാലരാമപുരം റെയിൽവേ സ്റ്റേഷൻ, വിഴിഞ്ഞം പോർട്ടു മായി ബന്ധിപ്പിച്ചുകൊണ്ട് ഒരു വികസന പദ്ധതി കൊങ്കൺ റെയിൽവേയെ ഏർപ്പിച്ചിട്ടുള്ള തായി ചീഫ് എഞ്ചിനീയർ,കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ അറിയിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവേയുമായി ബന്ധപ്പെട്ട് പുതുക്കിയ അലൈൻമെന്റും ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ്( ജി.എ.ഡി.) യും തയ്യാറാക്കികൊണ്ടിരിക്കുകയാണ്.

7. ക്ലേഗേറ്റ് ആർ.ഒ.ബി. :സ.ഉ(സാധാ) നം.718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ.എസ്.പി.വി. ആയി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി.യുടെ അലൈൻമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

8. ശാർക്കര ആർ.ഒ.ബി., മഞ്ചാടിമൂടി ആർ.ഒ.ബി :സ.ഉ(സാധാ) നം.718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി. ആയി നിയമിച്ചിട്ടുണ്ട് ശാർക്കരയിലും മഞ്ചാടിയിലും ആർ.ഒ.ബി. നിർമ്മിക്കുകയാണെങ്കിൽ അവ തമ്മിലുള്ള ദൂരം 110 മീറ്റർ മാത്രമായതിനാൽ, രണ്ട് റയിൽവേഗേറ്റിനും കൂടി ഒരു ആർ.ഒ.ബി. നിർ മ്മിക്കുവാനുള്ള അലൈൻമെന്റ് പഠനം നടന്നു കൊണ്ടിരിക്കുകയാണ്.

9. കടയ്ക്കാവൂർ മുരുക്കുംപുഴ ആർ.ഒ.ബി :കടയ്ക്കാവൂർ മുരുക്കുംപുഴ സ്റ്റേഷനുകൾക്കിടയിൽ വരുന്ന 570 ാം നമ്പർ എൽ.സി യ്ക്ക് പകരമായി നിർമ്മിക്കുന്ന മേൽപാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ്( ജി.എ.ഡി) അനുമതി നടപടികൾക്കായി റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കൽ ഡി.പി.ആർ പഠന പ്രവർത്തനങ്ങൾ എന്നിവ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ